<u>15 -ാം കേരള നിയമസഭ</u>

<u>10 -ാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 211</u>      <u>14-02-2024 - ൽ മറുപടിയ്ക്ക്</u>

<u>സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണ പുരോഗതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാംസ്കാരിക കേരളത്തിന് മുതൽക്കൂട്ടാവുന്ന തരത്തിൽ സംസ്ഥാനത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കുന്നതിനും അഭിപ്രായ ആവിഷ്ക്കാര സ്വാതന്ത്ര്യം നിലനിർത്തുന്നതിനും വേണ്ടി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടക്കം കുറിച്ചതും എല്ലാ ജില്ലകളിലും നവോത്ഥാന നായകന്മാരുടെ നാമധേയത്തിൽ സ്ഥാപിക്കാൻ തീരുമാനിച്ചതുമായ സാംസ്കാരിക സമുച്ചയങ്ങളിൽ ആദ്യത്തേതായി കൊല്ലം ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയം ഉദ്ഘാടനം ചെയ്തു പ്രവർത്തനമാരംഭിച്ചു. കാസറഗോഡ് സുബ്രഹ്മണ്യൻ തിരുമുമ്പ് സാംസ്കാരിക സമുച്ചയം ഉദ്ഘാടനത്തിന് സജ്ജമായിട്ടുണ്ട്.<br><br>പാലക്കാട് വി.ടി ഭട്ടതിരിപ്പാട് സാംസ്കാരിക സമുച്ചയം പൂർത്തീകരണത്തിന്റെ അന്തിമഘട്ടത്തിലാണ്. മറ്റ് നവോത്ഥാന നായകന്മാരുടെ പേരിലുള്ള സാംസ്കാരിക സമുച്ചയങ്ങൾ വിവിധ ഘട്ടങ്ങളിലാണ്.<br><br>കേരളീയ നവോത്ഥാന പ്രസ്ഥാനങ്ങളുടെ ഉജ്ജ്വല ചരിത്ര സംഭവമായ വൈക്കം സത്യാഗ്രഹത്തിന്റെ ശതാബ്ദി ആഘോഷങ്ങളുടെ ഉദ്ഘാടനം കേരള, തമിഴ് നാട് മുഖ്യമന്ത്രിമാർ ചേർന്ന് 2023 ഏപ്രിൽ 1-ന് വൈക്കത്ത് വച്ച് നിർവഹിക്കുകയുണ്ടായി. അതിനെ തുടർന്ന് 603 ദിവസത്തെ വൈവിധ്യങ്ങളായ പരിപാടികൾ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തി വരുന്നു.<br><br>ശ്രീനാരായണഗുരുവിന്റെ നേതൃത്വത്തിൽ നടന്ന ആലുവ സർവ്വമത സമ്മേളനത്തിന്റെ ശതാബ്ദി ആഘോഷങ്ങൾ വിവിധ ജില്ലകളിൽ വിപുലമായ പരിപാടികളോടെ നടത്തുന്നുണ്ട്. അതിന്റെ സംസ്ഥാനതല ഉദ്ഘാടനം 17.02.2024-ന് |

ചെമ്പഴന്തിയിൽ വെച്ച് ബഹു.മുഖ്യമന്ത്രി നിർവഹിക്കുന്നതാണ് .

സാംസ്കാരിക കേരളത്തിന് മുതൽക്കൂട്ടാവുന്ന തരത്തിൽ സർക്കാർ താഴെ പറയുന്ന പരിപാടികളും നടത്തിവരുന്നു.

മലയാള ചലച്ചിത്ര വ്യവസായത്തിൽ ലിംഗ സമത്വവും സ്ത്രീശാക്തീകരണത്തിനുമായുള്ള വലിയ കാഴ്ചപ്പാടിന്റെ ഭാഗമായി സ്ത്രീകളുടെ മുന്നേറ്റത്തിനും പദവി മെച്ചപ്പെടുത്തുന്നതിനുമായി വനിതാ സംവിധായകരുടെ ഫീച്ചർ ഫിലിമുകൾക്ക് ധനസഹായം.

സ്ത്രീ സമൂഹത്തിന്റെ ഉന്നമനം ലക്ഷ്യമിട്ട് സ്ത്രീകൾക്കിടയിൽ സാഹിത്യ പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിനും സാംസ്കാരിക മേഖലയിലെ വിവിധ ഇടപെടലുകൾക്കുമുള്ള പരിപാടികൾ.

പ്രവാസി മലയാളികളുടെ കുട്ടികൾക്ക് മലയാളികളുടെ സാംസ്കാരിക പാരമ്പര്യം പരിചയപ്പെടുത്തുന്നതിനുള്ള പരിപാടികൾ.

ശ്രീനാരായണ ഗുരുവിന്റെ ദർശനത്തെ പഠിപ്പിക്കുവാനും പ്രചരിപ്പിക്കുവാനും ഉള്ള പ്രവർത്തനങ്ങൾക്കായി ശ്രീനാരായണ അന്തർദേശീയ തീർത്ഥാടന പഠനകേന്ദ്രം മുഖേന നടത്തുന്ന പരിപാടികൾ.

പ്രമുഖ സാഹിത്യകാരന്മാരുടെയും എഴുത്തുകാരുടെയും കലാസാംസ്കാരിക വ്യക്തികളുടെയും സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും അവരുടെ സാംസ്കാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് സഹായം നൽകുകയും ചെയ്യുന്ന പദ്ധതികൾ.

യുവ കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുകയും പ്രാദേശിക സാംസ്കാരിക വികസനം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയുള്ള വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതി.

നാടൻ കലകളുടെയും കൈത്തൊഴിലുകാരുടെയും സമ്പന്നമായ സാംസ്കാരിക പൈതൃകം നിലനിർത്തുന്നതിനും അത്തരം കലാകാരന്മാരുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനുമായുള്ള റൂറൽ ആർട്ട് ഹബ്ബ് പദ്ധതി.

| | | | |
|---|---|---|---|
| | | | കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പൊതു ഇടങ്ങൾ ലഭ്യമല്ലാത്ത ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലും സൗകര്യപ്രദമായ പാതയോരങ്ങൾ കണ്ടെത്തി സാംസ്കാരിക ഇടനാഴികളായി വികസിപ്പിക്കുന്ന നാട്ടരങ്ങ് പദ്ധതി.<br>സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങൾക്കെതിരെയുള്ള ലിംഗ സമത്വത്തിനുമായുള്ള സമം സാംസ്കാരിക സംരംഭം. |
| (ബി) | കേരളത്തിന്റെ സാംസ്കാരിക പെരുമ നിലനിർത്തി വരുംതലമുറയ്ക്ക് പകർന്ന് നൽകുന്നതിന് ലക്ഷ്യമിട്ട് ജില്ലകളിൽ നടപ്പാക്കിവരുന്ന സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (ബി) | നിലവിൽ ജില്ലകൾ തോറും നവോത്ഥാന നായകന്മാരുടെ നാമധേയത്തിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്ന പദ്ധതിയിലുൾപ്പെടുത്തി ആദ്യ സമുച്ചയമായി കൊല്ലം ശ്രീനാരായണ ഗുരു സാംസ്കാരിക സമുച്ചയം 2023 മെയ് 4 ന് ഉദ്ഘാടനം ചെയ്തു. കാസർഗോഡ്, പാലക്കാട് ജില്ലകളിലെ സാംസ്കാരിക സമുച്ചയ നിർമ്മാണം അവസാന ഘട്ടത്തിലാണ്. ആലപ്പുഴ, കോട്ടയം, കണ്ണൂർ ജില്ലകളിലെ സാംസ്കാരിക സമുച്ചയത്തിനായി ഭൂമി കൈമാറി കിട്ടിയിട്ടുണ്ട്. തുടർനടപടികൾ പുരോഗമിക്കുന്നു. |
| (സി) | ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ഏതൊക്കെ ഏജൻസികളുടെ സഹായത്തോടെയാണ് ഇത് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | കൊല്ലം ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയത്തിന് 52.95 കോടി രൂപ ചെലവായിട്ടുണ്ട്. പാലക്കാട് വി.ടി ഭട്ടതിരിപ്പാട് സാംസ്കാരിക സമുച്ചയത്തിന് 51.80 കോടി രൂപയും കാസർഗോഡ് സുബ്രഹ്മണ്യൻ തിരുമുമ്പ് സമുച്ചയത്തിന് 38.91 കോടി രൂപയും ഇതുവരെ ചെലവായിട്ടുണ്ട്.<br>ഈ പദ്ധതി പൂർണമായും KIIFB -യുടെ ധനസഹായത്തോടെയാണ് നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ